"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 03-06-2021

**സർക്കുലർ നം 38**

എല്ലാ വർഷവും ജൂൺ 5 ലോകപരിസ്ഥിതി ദിനമായി ആചരിച്ചുവരുന്നു. ജനങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനും, കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത്.

മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക, അതുവഴി ആഗോള പാരിസ്ഥിതിക സന്തുലനവും, കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനാചരണത്തിന്റെ ലക്ഷ്യം.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സെൻട്രൽ ജയിൽ 100, തുറന്ന ജയിൽ 250, എന്ന കണക്കിലും മറ്റ് സ്ഥല സൌകര്യമുള്ള സ്ഥാപനങ്ങളായ ജില്ലാ ജയിലുകളിൽ 15 വൃക്ഷ തൈകളും സ്പെഷ്യൽ സബ് ജയിൽ 10 ഉം, സബ് ജയിൽ 5 ഉം മറ്റെല്ലാ സ്ഥാപനമേധാവികളും ആഫീസ് പരിസരത്ത് ഒരു മരമെങ്കിലും വച്ചു പിടിപ്പിക്കേണ്ടതാണ്. മരം നട്ടുവാൻ സ്ഥലസൌകര്യം ലഭ്യമല്ലാത്ത സ്ഥാപനമേധാവികൾ ജയിലിനോടനുബന്ധിച്ച പൊതുസ്ഥലങ്ങളിൽ മരം വച്ചു പിടിപ്പിക്കേണ്ടതാണ്.

മരങ്ങൾ നട്ടുമ്പോൾ തണൽ മരങ്ങളും ഫലവൃക്ഷതൈകളും തിരഞ്ഞെടുക്കേണ്ടതും ഡി.ജി.പിയുടെ സന്ദർശന വേളയിൽ അത് നേരിട്ട് ബോധ്യപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ നട്ടുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുകയും അത് നിലനിർത്താൻ പ്രത്യേക ശ്രദ്ധ ചെലുത്തുകയും വേണം.

സ്ഥലസൌകര്യമുള്ള ജയിൽ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ നട്ടുവളർത്തിയതോ വളർന്ന് വന്നതോ ആയ വൃക്ഷങ്ങളെ മുറിച്ചുമാറ്റുകയോ, നശിപ്പിക്കുകയോ ചെയ്യാതെ സംരക്ഷിക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : മേഖലാ ഡി.ഐ.ജി-മാർക്ക്

DIG(HQ)-13501/2021/PrHQ

45444a